Draft #2 of File 96856/AC A10-4/2024/AC A 10 Approved by ASSISTANT REGISTRAR IV (ACADEMIC) on 05-Jun-2025 02:52 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

പി.എച്ച്.ഡി പ്രോഗ്രാം - 2024 പ്രവേശനം - ഗവേഷണ രജിസ്ട്രേഷൻ സ്ഥിരീകരിക്കുന്ന സമയത്തു ബന്ധപ്പെട്ട ക്വാളിഫയിങ് സർട്ടിഫിക്കറ്റിന്റെ മറുപുറത്തു രജിസ്ട്രേഷൻ വിവരങ്ങൾ എൻഡോഴ്സ് ചെയ്തു മുദ്ര പതിപ്പിച്ചു നൽകുന്ന രീതി നിർത്തലാക്കുന്നത് - ഗവേഷണത്തിന് രജിസ്റ്റർ ചെയ്യുന്ന അവസരത്തിൽ ഗവേഷകരുടെ ഒറിജിനൽ വിടുതൽ സർട്ടിഫിക്കറ്റ് പരിശോധിച്ചതിനു ശേഷം തിരികെ നൽകുന്ന വിഷയത്തിൽ പുറപ്പെടുവിച്ച മുൻ ഉത്തരവ് പരിഷ്കരിക്കുന്നത് സംബന്ധിച്ച തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 10 സെക്ഷൻ**

നമ്പർ. 5203/AC A 10/2025/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 06.06.2025

---

*പരാമർശം:*-1. സർവകലാശാല ഉത്തരവ് നമ്പർ 9536/AC A10/2024/എം.ജി.യു തീയതി 21.10.2024
2. ബഹു. വൈസ് ചാൻസലറുടെ 02.06.2025 തീയതിയിലെ ഉത്തരവ്.

**ഉത്തരവ്**

2024 പ്രവേശന വർഷം മുതൽ, ഗവേഷകരുടെ അസ്സൽ വിടുതൽ സർട്ടിഫിക്കറ്റ് പരിശോധനക്ക് ശേഷം ഗവേഷകർക്ക് തിരികെ നൽകുന്നതിനും, അത് ഗവേഷകർ തങ്ങളുടെ ഗവേഷണ കേന്ദ്രങ്ങളിൽ സമർപ്പിച്ച് അവിടെ സൂക്ഷിക്കുന്നതിനും, ആയതിന്റെ വിശദാംശങ്ങൾ ബന്ധപ്പെട്ട ഗവേഷണ കേന്ദ്രങ്ങൾ അഡ്മിഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനും, കോഴ്സ് പൂർത്തിയാകുന്ന / രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്ന സാഹചര്യത്തിൽ, ഉത്തരവുകളുടെ / ബാധ്യതാ രേഖകളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഗവേഷണ കേന്ദ്രങ്ങളിൽ നിന്ന് ഗവേഷകർക്ക് പുതിയ വിടുതൽ സർട്ടിഫിക്കറ്റുകൾ നൽകുന്നതിനും, രജിസ്ട്രേഷൻ സ്ഥിരീകരിക്കുന്ന സമയത്തു ബന്ധപ്പെട്ട ക്വാളിഫയിങ് സർട്ടിഫിക്കറ്റിന്റെ മറുപുറത്തു മാത്രം രജിസ്ട്രേഷൻ വിവരങ്ങൾ എൻഡോഴ്സ് ചെയ്ത് മുദ്ര പതിപ്പിച്ചു നൽകുന്നതിനും, പരാമർശം (1) പ്രകാരം, ഉത്തരവായിരുന്നു.

രജിസ്ട്രേഷൻ സ്ഥിരപ്പെടുത്തി നൽകുമ്പോൾ ഗവേഷകരുടെ യോഗ്യതാ സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട അക്കാദമിക് സെക്ഷനുകളിൽ വീണ്ടും ഹാജരാക്കി സർട്ടിഫിക്കറ്റിന്റെ മറുപുറത്തു രജിസ്ട്രേഷൻ വിവരങ്ങൾ എൻഡോഴ്സ് ചെയ്തു മുദ്ര പതിച്ചു നൽകുന്ന രീതിയാണ് പിന്തുടർന്ന് വന്നിരുന്നത്. വിവിധ സർവ്വകലാശാലകളും സ്ഥാപനങ്ങളും നൽകുന്ന ബിരുദ സർട്ടിഫിക്കറ്റുകൾ ലാമിനേറ്റ് ചെയ്യപ്പെട്ടവയോ / സീൽ പതിപ്പിക്കാൻ കഴിയാത്ത തരത്തിലുള്ളവയോ / ഇരു പുറങ്ങളിലും പ്രിന്റഡ് മാറ്റർ ഉള്ളവയോ ആയതിനാലും, രജിസ്ട്രേഷൻ വിവരങ്ങൾ എൻഡോഴ്സ് ചെയ്തു മുദ്ര പതിച്ചു നൽകുന്ന സമയത്ത് സർട്ടിഫിക്കറ്റുകൾക്ക് കേടുപാടുകൾ സംഭവിക്കുവാൻ സാധ്യതയുള്ളതിനാൽ, താഴെ പറയുന്ന കാര്യങ്ങൾ, സൂചന (2) ഉത്തരവ് പ്രകാരം, ബഹു: വൈസ് ചാൻസലർ അംഗീകരിച്ചു ഉത്തരവായിരിക്കുന്നു;

- 2024 പ്രവേശന വർഷം മുതൽ അഡ്മിഷൻ നേടുന്ന ഗവേഷകരുടെ രജിസ്ട്രേഷൻ സ്ഥിരീകരിക്കുന്ന സമയത്ത് ബന്ധപ്പെട്ട ക്വാളിഫയിങ് സർട്ടിഫിക്കറ്റിന്റെ മറുപുറത്ത് എൻഡോഴ്സ് ചെയ്തു മുദ്ര പതിച്ചു നൽകുന്ന രീതി തുടരേണ്ടതില്ല എന്നും, ഗവേഷണം സ്ഥിരീകരിച്ച് പുറപ്പെടുവിക്കുന്ന ഉത്തരവ് റിസർച്ച് പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്നതിനും, ഗവേഷകരുടെ / മാർഗ്ഗ ദർശിയുടെ / കേന്ദ്ര മേധാവിയുടെ ഇമെയിൽ വിലാസത്തിലേക്ക് അയച്ച് നൽകുന്നതിനും,

- 2024 പ്രവേശന വർഷം മുതൽ അഡ്മിഷൻ നേടുന്ന ഗവേഷകരുടെ ഒറിജിനൽ യോഗ്യതാ സർട്ടിഫിക്കറ്റുകൾ, വിടുതൽ സർട്ടിഫിക്കേറ്റ് മുതലായവ സർവകലാശാലയിൽ പി.എച്ച്.ഡി. പ്രവേശന സമയത്ത് പരിശോധിച്ചതിനു ശേഷം തിരികെ നൽകുന്നതിനും, ആയവ ഗവേഷണം ആരംഭിക്കുന്നത് മുതൽ ഗവേഷണം പൂർത്തിയാകുന്നത് വരെ അല്ലെങ്കിൽ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവാകുന്നത് വരെ ഗവേഷണ കേന്ദ്രങ്ങളിൽ സൂക്ഷിക്കുന്നതിനും, സമർപ്പിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകളുടെ വിവരങ്ങൾ അഡ്മിഷൻ അഥവാ ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുവാൻ ഗവേഷണ കേന്ദ്ര മേധാവികൾക്ക് നിർദ്ദേശം നൽകുന്നതിനും,

- 2024 പ്രവേശന വർഷം മുതൽ അഡ്മിഷൻ നേടിയ ഗവേഷകർ, ഗവേഷണം പൂർത്തിയാക്കുന്ന അതായത് തീസിസ് സമർപ്പിക്കുന്ന അല്ലെങ്കിൽ ഗവേഷണ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവാകുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട ഉത്തരവുകളുടെ / നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഗവേഷകരുടെ ഒറിജിനൽ യോഗ്യതാ സർട്ടിഫിക്കറ്റുകൾ സെന്ററിൽ സമർപ്പിച്ചിട്ടുള്ളത് തിരികെ നൽകുന്നതിനും, വിടുതൽ സർട്ടിഫിക്കേറ്റ് റദ്ദ് ചെയ്ത് പുതിയ വിടുതൽ സർട്ടിഫിക്കേറ്റ് ഇഷ്യൂ ചെയ്യുന്നതിനും ഗവേഷണ കേന്ദ്ര മേധാവികൾക്ക് നിർദ്ദേശം നൽകുന്നതിനും,

Draft #2 of File 96856/AC A10-4/2024/AC A 10 Approved by ASSISTANT REGISTRAR IV (ACADEMIC) on 05-Jun-2025 02:52 PM - Page 2

- ഇത്തരത്തിൽ മേൽ സൂചന (1) ഉത്തരവ് പരിഷ്കരിക്കുന്നതിനും.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

മിനിമോൾ കെ സക്കറിയാസ്

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. എല്ലാ ഗവേഷണ കേന്ദ്ര മേധാവികൾക്കും / റിസേർച് ഡയറക്ടർ
2. വൈസ് ചാൻസലറുടെ പി.എസ്/ രജിസ്ട്രാറുടെ / പരീക്ഷാ കൺട്രോളറുടെ പി. എ. മാർ
3. പി.ആർ.ഓ. / ഐ.ടി. സെൽ സെക്ഷനുകൾക്ക് (വെബ്സൈറ്റ് / റിസർച്ച് പോർട്ടലിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. AR IV (Acad), DR I (Acad ), JR II (Admn)
5. Ac A II / VI / XI / XIII / XIV / XV സെക്ഷനുകൾ
7. സ്റ്റോക്ക് ഫയൽ / ഫയൽ നം. 96856/Ac A10-4/2024/Ac A10

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ